മലയാള മനോരമ

22 November 2024




ലക്ഷദ്വീപിലെ കവരത്തിയിൽ ആരംഭിച്ച കോകൊ ഫെസ്റ്റ് മേളയിലെ സ്റ്റാളുകൾ.

# ലക്ഷദ്വീപിൽ ‘കോകൊ ഫെസ്റ്റ്’

കൊച്ചി ● നാളികേര കാർഷിക വികസനം ലക്ഷ്യമിട്ട് ലക്ഷദ്വീപിൽ നാളികേര ഉൽപന്നങ്ങളുടെ പ്രദർശനം ‘കോകൊ ഫെസ്റ്റ്’ തുടങ്ങി. വിവിധ ദ്വീപുകളിലെ കർഷകർ എത്തിക്കുന്ന നാളികേര ഉൽപന്നങ്ങളുടെ പ്രദർശനം, ഭക്ഷ്യമേള, സംരംഭക സംഗമം, തെങ്ങുകയറ്റ മത്സരം, പാചക മത്സരം, സാങ്കേതികവിദ്യാ പ്രദർശനം, സാംസ്കാരികോത്സവം തുടങ്ങിയവ മേളയിലുണ്ട്.

സിഎംഎഫ്ആർഐയുടെ കീഴിലുള്ള ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രം, ദ്വീപിലെ കൃഷി വകുപ്പ്, കാർഷിക ഉൽപാദന സംഘം എന്നിവർ ചേർന്നാണു ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. ഐസിഎആർ ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ഉധംസിങ് ഗൗതം മേള ഉദ്ഘാടനം ചെയ്തു. കോകൊ ഫെസ്റ്റ് ഇന്നു സമാപിക്കും.